(സി) മരുന്നുകളുടെ ഉപയോഗത്തെയും ഗുണമേന്മയേയും കുറിച്ച് തെറ്റായ പരസ്യങ്ങൾ നിത്യേന മാധ്യമങ്ങളിൽ വരുന്നത് തടയാൻ ബോർഡിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ):

(എ) പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള മരുന്നുകൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രഥമമായ ലക്ഷ്യം. പത്ര-ദൃശ്യ മാധ്യമങ്ങളിൽനിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ദുരന്തത്തിനുള്ള കാരണം ദീർഘനാളായി ഉപയോഗശൂന്യമായി കിടന്ന ഓപ്പറേഷൻ തീയേറ്ററിൽ ഒരു ക്യാമ്പിന്റെ ഭാഗമായി കുടുംബാസൂത്രണ ശസ്ത്രക്രിയ നടത്തിയതിനെ തുടർന്നാണ്. കൂടാതെ മരുന്നിന്റെ ഗുണനിലവാരം/മായം എന്നിവയും സംശയിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും നടത്തുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(ബി &സി) സാധിക്കുന്നുണ്ട്.

ടൂറിസം കേന്ദ്രങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം

25(*385) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പ്രധാന വരുമാന സ്രോതസ്സിലൊന്നായി വികസിക്കുന്ന വിനോദസഞ്ചാര മേഖലയുടെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്ത് എന്തെല്ലാം പുതിയ പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ വളരെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് പ്രാധാന്യം നൽകി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കേരള സീപ്ലെയിൻ പ്രോജക്ട്

2. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട്

3. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, ഫോർട്ട് കൊച്ചി, അഷ്ടമുടി, കാലടി-മലയാറ്റൂർ -അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്, നിലമ്പൂർ, കക്കയം-പെരുവണ്ണാമൂഴി, ഗോൾഡൻ വാലി എന്നിവയുടെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.

4. പിൽഗ്രിം ടൂറിസം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പത്മനാഭ സ്വാമി ക്ഷേത്രം, ഗുരുവായൂർ, മലയാറ്റൂർ പള്ളി, ചേരമാൻ ജുമാ മസ്ജിദ്, ശബരിമല എന്നീ പ്രധാന പിൽഗ്രിം സെന്ററുകളുടെ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു.

5. സ്വെസ് റൂട്ട് പദ്ധതി.

6. കേരളത്തിലെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളുടെ സാധ്യതാ പഠനം നടത്തി അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എയർപോർട്ടുകളിൽ നിലവിലുള്ള ഇൻഫർമേഷൻ കൗണ്ടറുകളുടെ സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനും അതിനെ ബ്രാൻഡ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി പി.പി.പി. മോഡലിലുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പ്രധാന പാതകളിലും അന്തർദ്ദേശീയ നിലവാരത്തിലുള്ള കോഫീ ഷോപ്പ്, ടോയ്ലറ്റ് എന്നിവ അടങ്ങുന്ന take a Rest എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly